# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :1926 16.06.2014-ൽ മറുപടിയ്ക്ക്

**പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായുള്ള വൃക്ഷത്തൈവിതരണം**

| ചോദ്യം | ഉത്തരം. |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>,, റ്റി . യു.കുരുവിള<br>,, തോമസ് ഉണ്ണിയാടൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) ഈ വർഷത്തെ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ആകെ എത്ര വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്; | എ) ഈ വർഷത്തെ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ആകെ 40.26 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. |
| ബി) കഴിഞ്ഞ വർഷങ്ങളിൽ വച്ചുപിടിപ്പിച്ച വൃക്ഷതൈകൾക്ക് തുടർപരിപാലനം നൽകുന്നതിന് നടപടി സ്വീകരിച്ചിരുന്നത് സംബന്ധിച്ച് വിശദീകരിക്കുമോ ? | ബി) "വഴിയോരത്തണൽ" പദ്ധതിയിലുൾപ്പെടുത്തി പാതയോരങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നത് ഒഴികെ, സാമൂഹ്യവനവൽക്കരണ വിഭാഗം മുഖേന വൃക്ഷത്തൈ നടീലോ, പരിചരണമോ നിലവിൽ നടത്തിവരുന്നില്ല. ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി "എന്റെ മരം", "നമ്മുടെ മരം" എന്നിങ്ങനെ വിവിധ സ്കീമുകളിലൂടെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മത സ്ഥാപനങ്ങൾ, പത്ര മാദ്ധ്യമങ്ങൾ, യുവജന സംഘടനകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവർക്കായി വൃക്ഷത്തൈകൾ വിതരണം നടത്തുകയാണ് സാമൂഹ്യവനവൽക്കരണ വിഭാഗം ചെയ്തുവരുന്നത്. ടി തൈകൾ വനം വകുപ്പിൽ നിന്നും ഏറ്റുവാങ്ങുന്ന വിദ്യാർത്ഥികളും പൊതുജനങ്ങളുമാണ് ടി തൈകൾ നടുന്നതും, തുടർ പരിചരണം നടത്തുന്നതും. കഴിഞ്ഞ |

വർഷങ്ങളിൽ വഴിയോരത്തണൽ പദ്ധതി പ്രകാരം വനം വകുപ്പ് നട്ടുപിടിപ്പിച്ച വൃക്ഷതൈകൾക്ക് പരിപാലനം നൽകുന്നതിനായി വാച്ചർമാരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളതുകൂടാതെ, ടി തൈകളുടെ പരിരക്ഷയ്ക്കായി വൃക്ഷ കവചങ്ങളും സ്ഥാപിച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ